# ഒരു ഇന്തൊനീഷ്യൻ സംഗീതഗാഥ



വിനു ജോസഫ്

സാഹിതി എന്നാൽ സാഹിത്യം. ഇന്തൊനീഷ്യയിലെ സംഗീതപ്രേമികൾക്ക് 'സാഹിതി'യെന്നാൽ സംഗീതമാണ്. സുനിലും സുനിതയും ചേർന്നൊരുക്കുന്ന മധുര സംഗീതം. ഇന്തൊനീഷ്യയിലെ ഏറെ പ്രശസ്തമായ ഈ സംഗീത സംഘത്തിന്റെ അമരക്കാരാണ് ഈ പാലക്കാടൻ ദമ്പതികൾ. ആറുവർഷമായി ഇന്തൊനീഷ്യയിൽ താമസിക്കുന്ന ഇവർ രണ്ടുവർഷം മുമ്പാണ് 'സാഹിതി മ്യൂസിക് ട്രൂപ്പ്' ആരംഭിച്ചത്. ഇപ്പോൾ പ്രതിമാസം പതിനഞ്ചിലേറെ സംഗീതപരിപാടികൾ ഇവർ രാജ്യത്തവതരിപ്പിക്കുന്നു. 20 പേരുള്ള സംഘത്തിലെ സംഗീത വിദഗ്ധരെല്ലാം ഇന്ത്യക്കാരാണ്. സുനിലും സുനിതയുമാണ് പ്രധാന ഗായകർ. മലയാളം, ഹിന്ദി, തമിഴ് ഗാനങ്ങളിലൂടെ ഇന്ത്യൻ സിനിമാ സംഗീതത്തെ വിദേശികൾക്കിടയിലും പ്രിയങ്കരമാക്കുകയാണിവർ. മീശമാധവനിലെയും ഇഷ്ടത്തിലേയും ഹിറ്റ് ഗാനങ്ങൾ മലയാളികളെപ്പോലെ ഇന്തൊനീഷ്യക്കാരും മൂളിപ്പാടുന്നു. ഹിന്ദി- മലയാളഗാനങ്ങളുടെ ഈണമൊപ്പിച്ച് ഇന്തൊനീഷ്യൻ ഭാഷയായ ബഹാസയിൽ അവർ പാട്ടെഴുതുന്നു. ഇപ്പോൾ അവിടെയും 'മീശമാധവൻ' തരംഗമാണെന്ന് സുനിത.

ഇന്തൊനീഷ്യയിലെ സുഹൃദ് സംഗമങ്ങളിൽ നേരംപോക്കിനായാണ് സുനിത പാടിത്തുടങ്ങിയത്. 12 വർഷത്തെ സംഗീതപഠനം നൽകിയ ആത്മവിശ്വാസവും വേണ്ടുവോളമുണ്ടായിരുന്നു. ഇന്തൊനേഷ്യയിലെ സുഹൃദ് സംഗമങ്ങളിൽ നേരംപോക്കിനായാണ് സുനിത പാടിത്തുടങ്ങിയത്. 12 വർഷത്തെ സംഗീതപഠനം നൽകിയ ആത്മവിശ്വാസവും വേണ്ടുവോളമുണ്ടായിരുന്നു. പലഭാഷക്കാരുടെ ഇടയിലിരുന്നു പാടിയ മലയാള ഗാനങ്ങൾ എളുപ്പത്തിൽ ശ്രദ്ധിക്കപ്പെട്ടു. ഇന്ത്യൻ സംഗീതത്തിൽ രസംപിടച്ച വിദേശികൾ സുഹൃദ് സംഗമങ്ങളിൽ സുനിതയുടെ പാട്ട് നിർബന്ധമാക്കി. ഇതിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞതോടെയാണു 'സാഹിതി' പിറന്നത്. കംപ്യൂട്ടർ എൻജിനീയറായ സുനിലിനും സംഗീതവാസനയുണ്ടായിരുന്നു. കുറേക്കാലം ശാസ്ത്രീയസംഗീതമഭ്യസിച്ചിട്ടുണ്ട് സുനിൽ. 'സാഹിതി' രൂപം കൊണ്ടതോടെ സ്ഥിരം പരിപാടികളായി. ജോലിയില്ലാതെ വിഷമിച്ചിരുന്ന സുനിതയ്ക്കാകട്ടെ പോക്കറ്റ് മണി തരപ്പെടുന്നതിലെ ഇരട്ടിസന്തോഷവും. എന്നാൽ സുനിലിന്റെ ജോലിത്തിരക്കുകൾ മൂലം പല പരിപാടികളും ഒഴിവാക്കുകയാണിപ്പോൾ.



സുനിലും സുനിതയും.

പ്രശസ്ത ബാല സാഹിത്യകാരനായിരുന്ന പി. നരേന്ദ്രനാഥിന്റെ മകളാണ് പാലക്കാട് കൊപ്പം 'സാഹിതി'യിൽ സുനിത. സായിഗീതയുടെ കീഴിലായിരുന്നു സംഗീതാഭ്യാസം. അച്ഛന്റെ മരണത്തോടെ പഠനകാലത്തുതന്നെ ജോലിയിൽ പ്രവേശിക്കേണ്ടിവന്നതിനാൽ, തിരക്കുകളിൽ സംഗീത ബന്ധം കുറഞ്ഞു. വർഷങ്ങൾക്കുശേഷം ഇൻഡൊനേഷ്യയിൽ ചെന്നപ്പോളാണ് ഉള്ളിലുള്ള പാട്ട് വീണ്ടും പൊടിതട്ടിയെടുക്കുന്നത്. ഇപ്പോൾ ഇന്തൊനീഷ്യൻ മാധ്യമങ്ങളിലെ പതിവുകാരാണ് 'സാഹിതീ സംഘം'. ഇന്തോനീഷ്യയിൽ ധാരാളം കഴിവുള്ള സംഗീതജ്ഞരുണ്ടെങ്കിലും സിനിമാ രംഗം ശുഷ്കമാണെന്നു സുനിത പറയുന്നു. ''ഹിന്ദി സിനിമകളും ഗാനങ്ങളും അവർക്കു ജീവനാണ്. മലയാളത്തിലെ പഴയ പാട്ടുകളോടാണ് കൂടുതൽ പ്രിയം...' 'ഗാണ്ടുപ്' എന്ന ശാസ്ത്രീയ സംഗീതരീതിയും ഇതിനകം സുനിത വശമാക്കി. ''നമ്മുടെ കർണാടക സംഗീതവുമായി താരതമ്യം ചെയ്യുമ്പോൾ 'ഗാണ്ടുപ്' വളരെ ലളിതമാണ്. അതുകൊണ്ടുതന്നെ ഇന്ത്യൻ സംഗീതജ്ഞരോട് അവർക്ക് വലിയ ആദരവാണ്...'' ഒരു മലയാള ആൽബത്തിന്റെ ജോലിയുമായി ബന്ധപ്പെട്ട് സുനിത ഇപ്പോൾ പാലക്കാട്ടുണ്ട്. 'ഗതകാല സ്മരണകൾ' എന്ന ആൽബത്തിനു സംഗീതം പകർന്നിരിക്കുന്നത് പ്യാരിയാണ്. ഉടൻ പുറത്തിറങ്ങുന്ന ആൽബം 'ബഹാസ' ഭാഷയിലാക്കി മാറ്റാനാണ് 'സാഹിതി'യുടെ അടുത്ത പദ്ധതി. ''ഇന്തൊനീഷ്യയിലെ അപകടകാരികളല്ലാത്ത പുകയുന്ന അഗ്നിപർവതങ്ങളുടെ പശ്ചാത്തലത്തിൽ ഈ ഗാനങ്ങൾ ചിത്രീകരിക്കണം..'' അതിനായി മകൻ ദേവപ്രസാദിനോടൊപ്പം സുനിത ഉടൻ ഇന്തൊനീഷ്യയിലേക്കു പറക്കും; സംഗീതച്ചിറകേറി.

ഫുട്ബോൾ